അറബി ഭാഷ പഠിക്കുന്ന കുട്ടികൾ

1426. [2025] ശ്രീ. പി. എം. അബുബേക്കർ :
,, എ. വി. അബ്ദുറഹിമാൻ ഹാജി :
,, ഇ. ടി. മുഹമ്മദ് ബഷീർ :
,, കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അറബിഭാഷ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കണമെന്നുണ്ടോ ;

(ബി) എങ്കിൽ അതിന്റെ കാരണമെന്താണ് ?

ഉത്തരം

(എ) (ബി) പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ട ആവശ്യമില്ല. എന്നാൽ സ്കൂളുകളിൽ ഡിവിഷൻ അനുവദിക്കുന്നതിനു വേണ്ടി കുട്ടികളുടെ എണ്ണം കണക്കാക്കി സൂക്ഷിക്കേണ്ടതുണ്ട്.

ഹരിജന-ഗിരിജന വിദ്യാർത്ഥികൾക്ക് നൽകി വരുന്ന സ്കോളർഷിപ്പുകൾ

1427. [2028] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, എം. കെ. കേശവൻ :
,, കെ. ആർ. ചന്ദ്രമോഹനൻ :
,, പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജന-ഗിരിജന വിദ്യാർത്ഥികൾക്കു നൽകി വരുന്ന സ്കോളർഷിപ്പുകൾ ഏതെങ്കിലും വർഷങ്ങളിലേക്ക് നൽകുവാൻ ബാക്കിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വർഷങ്ങളിലേക്കാണ് കൊടുത്ത് തീർക്കുവാനുള്ളത് ;

(സി) ഓരോ ജില്ലയിലും നൽകുവാനുള്ള ബാക്കി എത്ര വീതമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1984-85-ലെ ലംപ്സം ഗ്രാന്റിനത്തിൽ ചില കുട്ടികൾക്ക് തുക നൽകുവാനുണ്ട്.

(സി) വിശദവിവരം ശേഖരിച്ചു വരുന്നു.

ഹെഡ്മാസ്റ്റർമാരില്ലാത്ത ഹൈസ്കൂളുകൾ

1428. [2029] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം ഹൈസ്കൂളുകളിലാണ് ഹെഡ്മാസ്റ്റർമാരില്ലാത്തത് ;

(ബി) ഇതിന്റെ കാരണമെന്താണ് ;

(സി) ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് താഴെ പറയുന്ന ഹൈസ്ക്കൂളുകളിൽ ഹെഡ് മാസ്റ്റർമാരില്ല

1. ഏലൂർ ഹൈസ്ക്കൂൾ, എറണാകുളം
2. ഇടത്തല ഹൈസ്ക്കൂൾ, എറണാകുളം
3. മേഴത്തൂർ ഹൈസ്ക്കൂൾ, പാലക്കാട്
4. എരിമയൂർ ഹൈസ്ക്കൂൾ, പാലക്കാട്
5. വണ്ടാഴി ഹൈസ്ക്കൂൾ, പാലക്കാട്
6. കാട്ടിലങ്ങാടി ഹൈസ്ക്കൂൾ, മലപ്പുറം
7. കുട്ടമത്ത് ഹൈസ്ക്കൂൾ, കാസർഗോഡ്

(ബി) ഈ സ്ക്കൂളുകളിൽ ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർമാരുടെ തസ്തികകൾ അനുവദിക്കപ്പെട്ടിട്ടില്ല.

(സി) ഉണ്ട്. തസ്തികകൾ അനുവദിക്കുന്ന കാര്യം ഗവൺമെൻറിന്റെ പരിഗണനയിലാണ്.

ഒറ്റപ്പാലത്തുള്ള ബധിര, മൂക വിദ്യാലയം

1429. [2030] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലത്തുള്ള ബധിര, മൂക വിദ്യാലയത്തിൽ എത്ര കുട്ടികൾ ഉണ്ട് ;

(ബി) ഈ വിദ്യാലയത്തിൽ എത്ര കുട്ടികൾക്ക് പ്രവേശനം കിട്ടാതായി ഈ വർഷം വെയിറ്റിംഗ് ലിസ്റ്റിൽ ഉണ്ട് ;

(സി) മലബാറിൽ ആകെയുള്ള ഈ വിദ്യാലയം ഒരു ഹൈസ്ക്കൂളാക്കി ഉയർത്താത്തതിന്റെ കാരണമെന്താണ് ;

(ഡി) ഈ വിദ്യാലയത്തിലെ ബോർഡിംഗിന് ഒരു കുട്ടിക്ക് അനുവദിക്കുന്ന സംഖ്യ എത്രയാണ് ;

(ഇ) ഈ സംഖ്യ എന്നാണ് നിശ്ചയിച്ചത് ;

(എഫ്) സാധനങ്ങളുടെ വില കൂടിയതനുസരിച്ച് സംഖ്യ വർദ്ധിപ്പിക്കാൻ നടപടി എടുക്കുമോ ;

(ജി) വർദ്ധിച്ചു വരുന്ന പ്രവേശന തിരക്ക് കണക്കിലെടുത്ത് ഈ വിദ്യാലയത്തിലെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാമോ ?

ഉത്തരം

(എ) 106.

(ബി) 91.

(സി) തിരുവനന്തപുരത്തുള്ള സർക്കാർ അന്ധബധിര-മൂക വിദ്യാലയം മാത്രമേ ഹൈസ്ക്കൂളാക്കി ഉയർത്തിയിട്ടുള്ളൂ. മറൊരു സ്ഥാപനവും ഹൈസ്ക്കൂളാക്കി ഉയർത്തിയിട്ടില്ല. ഈ സ്ഥാപനവും ആ കൂട്ടത്തിൽപ്പെടുന്നു.

(ഡി) ബോർഡിംഗ് അലവൻസായി ഒരു കുട്ടിക്ക് പ്രതിമാസം 150 രൂപ അനുവദിക്കുന്നു.

(ഇ) 10-1-1983-ൽ.

LIBRARY ARCHIVES Kerala Legislative Assembly